സ്വീകരിക്കുവാനും നിർദ്ദേശിച്ചതുപ്രകാരം കളക്ടറേറ്റിൽ വച്ച് വനം വകുപ്പ് അധികൃതരെ ഉൾപ്പെടുത്തി മീറ്റിംഗ് കൂടുകയും ബന്ധപ്പെട്ടവർക്കുമേൽ നിർദ്ദേശം ജില്ലാ കളക്ടർ നൽകുകയും ചെയ്തിട്ടുണ്ട്. ഈ കാര്യത്തിൽ സംയുക്ത പരിശോധന തുടർന്നുവരുന്നു. ഇതിനായി രണ്ട് സ്പെഷ്യൽ ഓഫീസുകൾ വയനാട് ജില്ലയിൽ പ്രവർത്തിക്കുന്നുണ്ട്. സംയുക്ത പരിശോധന പൂർത്തിയാക്കി രേഖകളിൽ മാറ്റം വരുത്തി കൈവശ കർഷകരിൽനിന്നും ഭൂനികുതി സ്വീകരിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നുണ്ട്.

തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം

134 (5217) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ കൈവശാവകാശം തദ്ദേശ സ്വയംഭരണ വകുപ്പിന് കൈമാറണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) തലശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം തലശ്ശേരി നഗരസഭയ്ക്ക് വിട്ടുതരണമെന്നാവശ്യപ്പെട്ട് ശ്രീമതി ആമിന മാളിയേക്കൽ, ചെയർപേഴ്സൺ, തലശ്ശേരി മുനിസിപ്പാലിറ്റി എന്നവരുടെ ഒരു നിവേദനം 27-9-2014-ന് ലഭ്യമായിട്ടുണ്ട്.

(ബി)-ഈ വിഷയത്തിൽ നിലവിലുള്ള വ്യവസ്ഥകളുടെയും വസ്തുതകളുടെയും അടിസ്ഥാനത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നൊച്ചാട് ഗ്രാമപഞ്ചായത്തിന് ഭൂമി ലഭിക്കാൻ നടപടി

135 (5218) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നൊച്ചാട് ഗ്രാമപഞ്ചായത്ത് ഓഫീസ് നിർമ്മിക്കുന്നതിന് ജലസേചന വകുപ്പിൽ നിന്ന് ഭൂമി ആവശ്യപ്പെട്ടുകൊണ്ടുള്ള ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൽ (4525/U/2014/RD) എന്തെല്ലാം നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly